സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

10 [3380] ശ്രീ. മഞ്ഞളാംകുഴി അലി:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, എം. വി. ജയരാജൻ:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നവീകരണ പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എ. ഡി. ബി.-യുടെ ഭരണ നവീകരണ പരിപാടിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നവീകരണ പരിപാടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനകം ഏതെല്ലാം വകുപ്പുകളിലാണ് നവീകരണ പരിപാടി നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) നവീകരണ പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി സേവന നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഭരണ നവീകരണ പരിപാടിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിക്ക് കീഴിൽ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 93 ഉദ്യമങ്ങളുടെ വിശദമായ പ്രവർത്തന പദ്ധതി 26-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 345/03/പൊ.ഭ.വ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 27-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 346/03/പൊ.ഭ.വ. പ്രകാരം ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള ഒരു സേവന പ്രദാന പദ്ധതിയും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വിവിധ വിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 2605 സ്ഥാപനങ്ങളുടെ ഒരു പട്ടികയ്ക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പരിപാടിക്ക് വേണ്ട ബജറ്റ് തയ്യാറാക്കൽ, സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ പുരോഗമിക്കുന്നു. രണ്ടു മാസത്തിനുള്ളിൽ പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനോടകം തന്നെ ചില പദ്ധതികളുടെ നിർവ്വഹണം ആരംഭിച്ചിട്ടുമുണ്ട്. പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസിന് പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും പൊതു ജനങ്ങളുടെ പരാതികൾ/അപേക്ഷകൾ എന്നിവയിൽ കൈക്കൊള്ളുന്ന നടപടിയുടെ പുരോഗതി അറിയാനുമായി ഒരു ജാലിക (website) ഇതിനോടകം തന്നെ ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ ജില്ലാ കളക്ട്രേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവല്ക്കരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് പാലക്കാട് ജില്ലാ കളക്ട്രേറ്റിൽ തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ നടപടിക്രമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്.

(ബി) ഭരണ നവീകരണ പരിപാടി എ. ഡി. ബി.-യുടെ പദ്ധതിയല്ല മറിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഭരണ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ (website) www.keralamgp.org-ൽ ലഭ്യമാണ്.

(സി) പൊതുഭരണം (സെക്രട്ടറിയേറ്റ്), റവന്യൂ (കളക്ട്രേറ്റ്), പോലീസ്, വ്യവസായം തുടങ്ങിയ വകുപ്പുകളിൽ നവീകരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) ഉദ്ദേശിക്കുന്നില്ല.

(ഇ) ദരിദ്ര ജനവിഭാഗങ്ങൾ, സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന മേഖലകൾ എന്നിവയിലേക്ക് കാര്യക്ഷമമായ സർക്കാർ സേവനങ്ങൾ ഉറപ്പാക്കുക എന്നതിനാണ് സർക്കാർ നവീകരണ പരിപാടിയിൽ മുൻഗണന നൽകുന്നത്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

11 [3381] ശ്രീ. എ. പി. അനിൽകുമാർ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണ ണെന്ന് ശുപാർശയുണ്ടെന്നും അതനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും ഏതെങ്കിലും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly